# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിരായിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.PKD17-1648/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിരായിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD17-1648/21 തീയ്യതി: 03/01/2022

# പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 08-11-2021 | 20-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 20-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. - ഓഡിറ്റ് ഓഫീസർ

സുജാത.എ. -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

താരിഖ്.എം.എസ്. - സീനിയർ ഗ്രേഡ് ഓഡിറ്റർ
ലിഷ്ലി അലക്സ് - ഓഡിറ്റർ
അനിത.കെ. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കെ.കല്ല്യാണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എം.ജി.ജോയ്സൺ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രശ്മി കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ദേവപ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.വിവേക്.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സിനി എബ്രഹാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.റെജുല.എം. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.റെഷിൻ.പി.എ. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു | പ്രധാന അദ്ധ്യാപിക | 01-04-2019 | 23-06-2019 |
| ശ്രീമതി.രതിയമ്മ | പ്രധാന അദ്ധ്യാപിക | 24-06-2019 | 31-03-2020 |
| ശ്രീ.ശിവപ്രസാദ് | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി.ധനലക്ഷ്മി.എം.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി.പി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ.രാജ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി.രാധിക | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anitha K (Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-2-1 |
| 4 | തനതുഫണ്ട് സൂക്ഷിപ്പിനായി നാല് ബാങ്ക് അക്കൗണ്ടുകളുടെ ആവശ്യകത അറിയിക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A. Sujatha (Asst. Audit Officer, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Lixy Alex (Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-10 |
| 13 | തൊഴിൽനികുതി -പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Anitha K (Auditor, On 23-11-2021)<br>Last Updated By: C.S.Anila (Senior Grade Auditor, On 08-12-2021) | 1-11 |
| 14 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-11-1 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 23-11-2021) | 1-11-2 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 29-12-2021) | |
| 16 | വെള്ളക്കരം-കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Anitha K (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-12 |
| 17 | വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകൾ അനുബന്ധരേഖകൾ, പഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-13 |
| 18 | മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 183120/- രൂപ ഈടാക്കിയിട്ടില്ല-<br>Written By: M.S.Tharick (Senior Grade Auditor, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-14 |
| 19 | വാണിജ്യ കെട്ടിട ഉടമകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച്ച<br>Written By: M.S.Tharick (Senior Grade Auditor, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-15 |
| 20 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ - വരവ് നഷ്ടം<br>Written By: M.S.Tharick (Senior Grade Auditor, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-16 |
| 21 | വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തുനികുതി ഇളവു ലഭ്യമാകുന്നതിന് സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-17 |
| 22 | കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഒടുക്കേണ്ട ജി എസ് ടി തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടി<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-18 |
| 23 | അംഗീകാരമില്ലാത്ത തസ്തികയിൽ ദിവസവേതനജീവനക്കാർക്ക് വേതനം നൽകി<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-19 |
| 24 | തൊഴിൽരഹിത വേതനം വരുമാന പരിധി ഉറപ്പാക്കിയിട്ടില്ല.<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-20 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-21 |
| 26 | എസ് എസ് എ വിഹിതം നൽകൽ-തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-21-1 |
| 27 | ജലനിധി - തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 29-12-2021) | 1-22 |
| 28 | പഞ്ചായത്ത് കല്യാണമണ്ഡപം -ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നില്ല<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021) | 1-23 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 03-01-2022) | |
| 29 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്റ്റ് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-24 |
| 30 | 'അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി '- സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ പർച്ചേസ് നടത്തി<br>Written By: Lixy Alex (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-25 |
| 31 | അംഗനവാടികൾക്ക് ന്യൂടിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.<br>Written By: Lixy Alex (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-26 |
| 32 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ 'വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി '- അപാകതകൾ<br>Written By: Lixy Alex (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-27 |
| 33 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്ക് ധനസഹായം - തുക അനുവദിക്കുന്നത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിധേയമാകണം<br>Written By: Lixy Alex (Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-28 |
| 34 | എച്ച്.എം.നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - ഏറ്റെടുത്തവ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-29 |
| 35 | 'നെല്ല് വിത്ത് വിതരണം പദ്ധതി'- ഗുണഭോക്തൃവിഹിതം ഫോം നം. XXXIII രസീതി മുഖേന പിരിച്ചെടുക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 23-11-2021)<br>Last Updated By: Lixy Alex (Auditor, On 11-12-2021) | 1-30 |
| 36 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് കട്ടിൽ വാങ്ങിയതിൽ നഷ്ടം<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-31 |
| 37 | ക്യാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം.<br>Written By: M.S.Tharick (Senior Grade Auditor, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-32 |
| 38 | ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-33 |
| 39 | ലൈഫ് ഭവൻ പദ്ധതി-ജനറൽ–ആദ്യ ഗഡു കൈപ്പറ്റിയവരിന്മേൽ നിരീക്ഷണവും, തുടർനടപടികളും നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-34 |
| 40 | വീട് പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021) | 1-35 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 03-01-2022) | |
| 41 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-36 |
| 42 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-37 |
| 43 | മേലതി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-38 |
| 44 | ഉപയോഗ ശൂന്യമായ ബോർവെല്ലുകൾ -സീൽ ചെയ്ത് സംരക്ഷിച്ച് സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 27-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 1-39 |
| 45 | തൊഴിൽരഹിത വേതനം വരുമാന പരിധി ഉറപ്പാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 26-11-2021)<br>Last Updated By: C.S.Anila (Senior Grade Auditor, On 08-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: C.S.Anila (Senior Grade Auditor, On 08-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: Haseena KU (Computer Assistant, On 01-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: P. Sujatha (Audit Officer, On 13-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: P. Sujatha (Audit Officer, On 13-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: P. Sujatha (Audit Officer, On 13-11-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 13-11-2021)<br>Last Updated By: P. Sujatha (Audit Officer, On 13-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 14-11-2021)<br>Last Updated By: Haseena KU (Computer Assistant, On 03-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്- വിവിധ പത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

14-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 26789473.45 |
| തൻവർഷം വരവ് | 204187000 |
| ആകെ വരവ് | 230976473.45 |
| ചെലവ് | 221121793 |
| നീക്കിയിരിപ്പ് | 9854680.45 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് |
|---|---|---|
| പ്രാരംഭ ബാക്കി | 26789473.45 | 41287635 |
| തൻവർഷം വരവ് | 204187000 | 177441002 |
| ആകെ വരവ് | 230976473.45 | 218728637 |
| ചെലവ് | 221121793 | 156633058 |
| നീക്കിയിരിപ്പ് | 9854680.45 | 62095579 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും ഉണ്ടായെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ബജറ്റ് രൂപീകരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 01-06-2020 | ----- | |

വാർഷിക കണക്കിലെ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) പെർമിറ്റ് ഫീ ഇനത്തിൽ 2019-20 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2,35,930/-രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവിന്റെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വാർഷിക കണക്കു പ്രകാരം ബിൽഡിംഗ് റഗുലറൈസേഷൻ ഫീയിനത്തിൽ 1,12,496/-രൂപയുടെ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുതുകയുടെ രേഖപ്പെടുത്തലുകൾ ഇല്ല. റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ടി രജിസ്റ്ററിലും വരവുതുകയുടെ രേഖപ്പെടുത്തലുകൾ ഇല്ല.

3)ഡി & ഒ ലൈസൻസിനത്തിൽ -വാർഷിക ധനകാര്യ പത്രിക പ്രകാരം അഡ്വാൻസ് 1,58,490/-രൂപയും കളക്ഷൻ 87,200/-രൂപയും വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി ഒത്തു നോക്കുവാൻ സാധിച്ചിട്ടില്ല.

4) തൊഴിൽ നികുതി - രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ സംക്ഷിപ്തം എഴുതാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി ഒത്തു നോക്കുവാൻ സാധിച്ചിട്ടില്ല.
5) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

6) വെള്ളക്കര രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) ലൈഫ് മിഷൻ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8) ജലനിധി-പഞ്ചായത്ത് പരിധിയിലെ ജലനിധി ഗുണഭോക്തൃ സമിതികൾക്ക് Maintenance തുക നൽകുന്നതിലേക്ക് പ്രത്യേക ഉത്തരവ് പ്രകാരം കേരള ഗ്രാമീണ ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയും 8,14,020/- രൂപ ജലനിധി വിഹിതവും 1,62,804/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും ഉൾപ്പെടെ ആകെ 9,76,824/- രൂപ ചെലവാക്കിയിട്ടുണ്ട്. 1,62,804/-രൂപ റസീപ്റ്റായി എടുക്കുകയും ആയതിന്റെ ചെലവ് ജേർണൽ എൻട്രി ചെയ്യുമ്പോൾ ഹെഡ് തെറ്റായതിനാൽ B-4 Schedule-ൽ 1,62,804/- രൂപ അധികമായി വന്നിട്ടുണ്ട്. ACR പ്രകാരം നീക്കിയിരിപ്പ് 65,990/- രൂപയാ ണ്. B-4 Schedule-ൽ-ആകെ നീക്കിയിരിപ്പ് 2,28,794/-രൂപ.

9) Literacy Grant- B-4 Schedule-ൽ 2,24,696/- നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

10) 2019-20 വർഷം 320300199 എന്ന ഹെഡിലാണ് ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട് (2,01,00,000 രൂപ) വരവിലെടുത്തിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഈ ഫണ്ടിൽ നിന്നും ₹1,95,00,000/- ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-4- ൽ വരവ് തുക തന്നെ ₹2,01,00,000/-(2,03,61,608/-രൂപയിൽ ഉൾപ്പെട്ടത്) ബാലൻസ് കാണിച്ചിരിക്കുന്നു.

11) കനറാബാങ്ക് ജലനിധി അക്കൌണ്ടിലുള്ള (അക്കൌണ്ട് നം.1443101012810) 91,101/- രൂപ അൺക്ലെയ്മിഡ് ഡെപ്പോസിറ്റ് എന്ന ഇനത്തിൽ റിസർവ് ബാങ്ക് കണ്ടു കെട്ടിയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-2 തനതുഫണ്ട് സൂക്ഷിപ്പിനായി നാല് ബാങ്ക് അക്കൗണ്ടുകളുടെ ആവശ്യകത അറിയിക്കേണ്ടതാണ്.

2019-20 വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ തയ്യാറാക്കിയതിനാസ്പദമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ തനതുഫണ്ട് സൂക്ഷിപ്പിനായി പിരായിരി ഗ്രാമപഞ്ചായത്തിൽ താഴെപ്പറയും പ്രകാരം നാല് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്.

1) Canara Bank- A/c No-1443101021405

2) PSC Bank-79

3)PDC Bank- A/c No-02401020000042

4) HDFC- BANK- A/cno-39470 (വസ്തു നികുതി ഇ- പേയ്മെന്റ്).

26-5-2011 തീയ്യതിയിലെ സർക്കുലർ നമ്പർ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രമാണ് തനത് വരുമാനം നിക്ഷേപിക്കേണ്ടത്. എന്നാൽ മറ്റ് മൂന്ന് അക്കൗണ്ടുകൾ നിലനിൽക്കുമ്പോൾ വീണ്ടും 2020-21 ൽ HDFC-BANK ൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 30-20/11/2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് പാലിച്ച് ആവശ്യമായ അക്കൗണ്ടുകൾ നിലനിർത്തി അല്ലാത്തവ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41287635 |
| വരവ് | 177441002 |
| ആകെ | 218728637 |
| ചെലവ് | 156633058 |
| നീക്കിയിരിപ്പ് | 62095579 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 17607302 | 17607302 | 15235359 | 2371943 |
| വികസനഫണ്ട് എസ്.സി.പി | 0 | 10766353 | 10766353 | 3456737 | 7309616 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11067000 | 11067000 | 6646954 | 4420046 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 2663697 | 2663697 | 2663697 | 0 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 15874913 | 15874913 | 11433019 | 4441894 |

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹2,19,30,802/- വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

(*) ഹഡ്‌കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹29,85,294/- അങ്കണവാടി വർക്കർമാർക്കും സഹായികൾക്കും ഉള്ള പ്രതിഫലത്തുക ഇനത്തിൽ ₹17,95,800/- കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ കുടിശ്ശിക തുക ₹1,72,404/-, വികസനഫണ്ട് എന്നിവ ജനറൽ വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്. ശേഷിക്കുന്ന അലോട്ട്മെന്റ് തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1107772 | 921958 | 2029730 | 1108321 | 921409 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4936 | 1098790 | 1103726 | 1090279 | 13447 |
| എം.ജി.എൻ.ആർ. | 0 | 19376315 | 19376315 | 19376315 | 0 |

| | | | | | |
|---|---|---|---|---|---|
| ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | | | | | |
| ആകെ | 4936 | 20475105 | 20480041 | 20466594 | 13447 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 4040522 | 0 | 4040522 | 255448 | 3785074 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 20100000 | 20100000 | 0 | 20100000* |
| സാക്ഷരത | 140135 | 4983 | 145118 | 0 | 145118 |
| ജലനിധി | 65990 | 976824 | 1042814 | 814020 | 228794 |
| | 86531 | 3001 | 89532 | 0 | 89532 |

*2019-20 വർഷം 320300199 എന്ന ഹെഡിലാണ് ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട് വരവിലെടുത്തിട്ടുള്ളത്. തൻവർഷ വരവ് ₹2,01,00,000/- ആണ്. 31.3.2020ന് ഈ ഫണ്ടിൽ നിന്നും ₹1,95,00,000/- തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-4- ൽ ₹2,01,00,000/- (2,03,61,608/- രൂപയിൽ ഉൾപ്പെട്ടത്) ബാലൻസ് കാണിച്ചിരിക്കുന്നു. യഥാർത്ഥ ബാലൻസ് തുക ₹6,00,000/- ആണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 223 | 396002980 | 132 | 129556007 | --- | 91 | 59.19 |

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 5143326 | 4216506 | 81.98 |
| വി.ഇ.ഒ. | 13 | 10 | 313097726 | 84784884 | 27.08 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 6763422 | 4488236 | 66.36 |
| സെക്രട്ടറി | 38 | 24 | 16763546 | 9102630 | 54.3 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 139 | 77 | 42757380 | 23186885 | 54.23 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 1100000 | 891116 | 81.01 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 400000 | 400000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 4010400 | 420000 | 10.47 |
| പ്രധാന അധ്യാപകൻ | 8 | 1 | 3436780 | 450000 | 13.09 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 650000 | 650000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 1 | 1280400 | 365750 | 28.57 |
| ആകെ | 223 | 132 | 396002980 | 129556007 | 32.72 |

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്- | 4936 | 1098790 | 1103726 | 1090279 | 13447 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | - | 19376315 | 19376315 | 19376315 | - |
| ആകെ | 4936 | 20475105 | 20480041 | 20466594 | 13447 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. യഥാർത്ഥത്തിൽ പെൻഷൻ ഇനത്തിൽ നൽകിയ തുകയല്ല വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ക്ഷേമ പദ്ധതി | സേവന സോഫ്റ്റ് വെയർ പ്രകാരം യഥാർത്ഥത്തിൽ നൽകിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2859000 | 1758600 | 479 |
| 2 | വിധവാ പെൻഷൻ | 9341400 | 5659800 | 1355 |
| 3 | വാർദ്ധക്യകാല പെൻഷൻ | 15404400 | 9304500 | 2569 |
| 4 | വികലാംഗ പെൻഷൻ | 2359900 | 1461700 | 402 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 388800 | 234000 | 563 |
| 6 | തൊഴിൽ രഹിത വേതനം | 86160 | 86160 | 53 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-11-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22,069/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തനതു ഫണ്ടിന് നിലവിൽ 3 അക്കൌണ്ടുകൾ ഉള്ളപ്പോൾ HDFC ബാങ്കിൽ ഒരു പുതിയ അക്കൌണ്ട് ആരംഭിച്ചിരിക്കുന്നു.

കുടിവെള്ള പദ്ധതികൾ - വെള്ളക്കരം ഡിമാന്റ്, കളക്ഷൻ, ബാലൻസ്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹2,19,30,802/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 2005-06 മുതൽ 2009-10വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് ഏപ്രിൽ 2021 മുതൽ ജൂലൈ 2021 വരെ 12.8.2021 തീയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

## 1-11 തൊഴിൽനികുതി -പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-11-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | ആദ്യപാദം/രണ്ടാം പാദം |
|---|---|---|
| 1. | ഹുണ്ടായ് ഷോറൂം, കല്ലേക്കാട് | ആദ്യപാദം |
| 2. | മഹേന്ദ്ര ഷോറൂം, കല്ലേക്കാട് | ആദ്യപാദം |
| 3. | ലക്ഷ്മണ ചന്ദ്ര വിദ്യാലയ | ആദ്യപാദം |
| 4. | വെറ്റിനറി ഡിസ്പെൻസറി | ആദ്യപാദം |
| 5. | VMUP സ്കൂൾ,കല്ലേക്കാട് | ആദ്യപാദം & രണ്ടാം പാദം |
| 6 | സപ്ലൈകോ ഡിപ്പോ, കൊടുന്തിരപ്പുള്ളി | ആദ്യപാദം |

| | | |
|---|---|---|
| 7 | SML ഫിനാൻസ് ലിമിറ്റഡ് | ആദ്യപാദം & രണ്ടാം പാദം |

റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ് .

മേൽ സംബന്ധിച്ച് നൽകിയ അന്വേഷണം നം. 21/18.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. വിൻലക്സ്

2. ഹ്യുണ്ടായ് ഷോറൂം, കല്ലേക്കാട്

3.മുത്തൂറ്റ് ഫിൻ കോർപ്പ്സ്, കൊടുന്തിരപ്പുള്ളി

4.ധനലക്ഷ്മി ബാങ്ക്, കൊടുന്തിരപ്പുള്ളി

5. റോയൽ എൻഫിൽഡ് പി.വി.ആർ.വീൽസ്, കുരിശ്ശാംകുളം

6. സപ്ലൈകോ ഡിപ്പോ, കൊടുന്തിരപ്പുള്ളി

7.കേരള ഗ്രാമീൺ ബാങ്ക്, കൊടുന്തിരപ്പുള്ളി

8.കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊടുന്തിരപ്പുള്ളി

9.കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പിരായിരി

10.കോ-ഓപ്പറേറ്റീവ് ബാങ്ക്, കല്ലേക്കാട്

11 ഇന്ത്യൻ ബാങ്ക്, പിരായിരി

12. ഇ.ആർ.എ.എം. മോട്ടോർസ്, മേപ്പറമ്പ്

13. ഇസാഫ് മൈക്രോഫിനാൻസ്, മേപ്പറമ്പ്

14. അനുഗ്രഹ കല്യാണ മണ്ഡപം, കൊടുന്തിരപ്പുള്ളി

15. അലി ഫോർഡ്, കല്ലേക്കാട്

16.പാർളി അഗ്രോ, മേപ്പറമ്പ്

17. ഏബിൾ സ്കൂബൈക്ക്, എൽ.എൽ.പി. മേപ്പറമ്പ്

18. എച്ച്.പി. കോണ്ടിനന്റൽ ബിവറേജസ് പ്രൈ. ലിമിറ്റഡ്

19. എസ്.എം.എൽ. ഫിനാൻസ്, മേപ്പറമ്പ്

20. ഹൈ ടെക്ക് ഓഡിറ്റോറിയം, പിരായിരി

21. ബി.എസ്.എൻ.എൽ., പിരായിരി

22.കാനറ ബാങ്ക്

23.പോപ്പുലർ മെഗാ മോട്ടോർസ്

24. മാംഗോ കൗണ്ടി റിസോർട്ട്

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം (നം. 21/18.11.2021)- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 വെള്ളക്കരം-കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പിരായിരി ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് നേരിട്ട് പൂടൂർ കുടിവെള്ള പദ്ധതി മാത്രമാണ് നടത്തി വരുന്നത്. മേൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ആയത് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-23/19.11.21) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം വെള്ളക്കരം ഇനത്തിൽ ആകെ 1,63,461/- രൂപ (തൻവർഷ കുടിശ്ശിക 47,771 /- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 1,15,690/- രൂപ) ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ കുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ എടുത്തിട്ടുള്ളതും വെള്ളക്കരം ഒടുക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ, ലഭിക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശിക, നിലവിൽ ഈടാക്കുന്ന വെള്ളക്കരത്തിന്റെ നിരക്ക് എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല. ഇതേ പരാമർശം മുൻ വർഷങ്ങളിലും ഓഡിറ്റ് ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്തിൽ നിന്നും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല (2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7, 2018 -2019 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17) . ഓരോ വാർഡുകളിലേയും ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ജലലഭ്യത ഉറപ്പാക്കിയശേഷം ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിനും ശ്രമിക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകൾ അനുബന്ധരേഖകൾ, പഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. കെട്ടിട ഉടമയോ അയാളുടെ ഏജന്റോ ആ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയാണെന്നോ അല്ലെങ്കിൽ ആ കെട്ടിടം ഏത് തിയ്യതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ ഉള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ സെക്രട്ടറി നികുതി ഇളവ് ചെയ്ത് കൊടുക്കാൻ പാടില്ലാത്തതാകുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ വേക്കൻസി റമിഷൻ നൽകിയ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള ലിസ്റ്റ് പ്രകാരം 37 കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷന് അനുമതി നൽകിയിട്ടുണ്ട്. ആയത് പരിശോധിക്കുവാനായി വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകൾ, അനുബന്ധരേഖകൾ, പഞ്ചായത്ത് തീരുമാനം എന്നിവ എൻക്വയറി( 3-09/11/21 ) മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല.

നിർദ്ദേശം

1) നികുതിയിളവ് നൽകുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഒടുവിൽ വരുന്നതേതാണോ ആ തീയതി മുതൽ കണക്കാക്കേണ്ടതാണ്.

2) ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട ഫയലുകൾ പരിശോധന സമയത്തുതന്നെ ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 183120/- രൂപ ഈടാക്കിയിട്ടില്ല-

സഞ്ചയ സോഫ്റ്റ് വെയറിലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 16 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ ഉടമകൾ വർഷങ്ങളോളമായി നികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം. | കെട്ടിട നമ്പർ | ടവറിന്റെ പേര് | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശികയുടെ വിവരം | കുടിശ്ശികയുടെ വർഷം |
|---|---|---|---|---|---|---|
| 1 | 3 | 573 | ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ്, കൊച്ചി | 1470 | 11760 | 2013-14 മുതൽ 2019-20 വരെ |
| 2 | 5 | 569 | വയർലസ്.ടി ടി ഇൻഫോ സർവ്വീസ്, ഉപാസന നഗർ | 4200 | 33600 | 2013-14 മുതൽ 2019-20 വരെ |
| 3 | 15 | 607 | വോഡഫോൺ എസ്സാർ സെല്ലുലർ ലിമിറ്റഡ്, കൊടുന്തരപ്പുള്ളി | 11000 | 92400 | 2013-14 മുതൽ 2019-20 വരെ |
| 4 | 21 | 350 | എം എസ് റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, കൊടുന്തരപുള്ളി | 5400 | 45360 | 2013-14 മുതൽ 2019-20 വരെ |
| ആകെ കുടിശ്ശിക | | | | 1,83,120/- | | |

വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4-9/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ അറിയിക്കേണ്ടതാണ്. പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

1-15 വാണിജ്യ കെട്ടിട ഉടമകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച്ച

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 2011ലെകേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ,സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷത്തിൽ നികുതി കുടിശ്ശിക ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ചതിൽ താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നു കൂടുതൽ വരുന്ന വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2019-20 സാമ്പത്തിക വർഷാവസാനത്തിൽ ആകെ 38,55,020/- പിരിച്ചെടുക്കുവാനുണ്ട്.

| വാർഡ് നമ്പർ | പേര്-വിലാസം | കെട്ടിടത്തിന്റെ തരം | അരിയർ തുക | കാലയളവ് |
|---|---|---|---|---|
| 3/633 | ഹംസ സിഗ്നേറ്റർ ടവർ ,ബ്ലോക്ക് ഓഫീസിനു സമീപം,കല്ലേക്കാട് | വാണിജ്യം | 35384 | 2017-18 മുതൽ 2019-20 വരെ |
| 13/522 | ദിലീപ് ബായ്-ചതുർബായ് പാലക്കാട് യൂസ്ഡ് വെഹിക്കിൾ, നിയർ ബ്ലോക്ക് ഓഫീസ്, കല്ലേക്കാട് | വാണിജ്യം | 88460 | 2019-20 |
| 15/872 | പ്രിൻസി , കൃഷ്ണാലയം,കൊടുന്തരപുള്ളി | വാണിജ്യം | 11592 | 2019-20 |
| 15/889 | പി ബി അലി അക്ബർ, പൂഴിക്കുന്നം, കൊടുന്തരപുള്ളി | വാണിജ്യം | 47880 | 2016-17മുതൽ 2019-20 വരെ |
| 15/903 | ടെലിൻ തമ്പി,(കൽവോസ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റ്,കൊടുന്തരപുള്ളി | വാണിജ്യം | 28896 | 2019-20 |
| 15/904 | ടെലിൻ തമ്പി,(കൽവോസ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റ്,കൊടുന്തരപുള്ളി | വാണിജ്യം | 27990 | 2019-20 |
| 17/674 | ശങ്കരനാരായണൻ,പൊനത്തിൽ ഹൗസ്,ലക്ഷ്മി ഹൗസ്,കല്ലേക്കാട് | വാണിജ്യം | 30122 | 2019-20 |

കെട്ടിട നികുതിയിനത്തിൽ ഇത്രയും കുടിശ്ശികയുള്ളത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച പഞ്ചായത്ത് സെക്രട്ടറിയുടെയും ധനകാര്യ സ്റ്റാൻറിങ് കമ്മിറ്റിയുടെയും നടപടികൾ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (7-15/11/21) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 2011ലെകേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)എന്നിവ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ - വരവ് നഷ്ടം

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 40 രൂപയും 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 80 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 200 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടായിരിക്കുന്നു.

എ)

| | |
|---|---|
| കെട്ടിട നം./വാർഡ് നമ്പർ, സർവ്വേ നമ്പർ | 605/13, 334/3-26, 334/3-29 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ശിവദാസ് .എ & അദേഴ്സ് സരോവരം, തെക്കുമുറി, കല്ലേക്കാട് |
| വിസ്തീർണ്ണം | 285.12 ച. മീ. സൂപ്പർ മാർക്കറ്റ് |
| നിലവിലെ നികുതി നിർണ്ണയം | 285.12x40 = 11404.8<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10%<br>BT- 12545.28<br>LC- 627.26<br>Total= 13173 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 285.12x80 = 22809.6<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10%<br>BT- 25090.56<br>LC- 1254.52<br>Total = 26345 |
| നഷ്ടം | 26345-13173 = 13172/- |

ബി)

| | |
|---|---|
| കെട്ടിട നം. -വാർഡ് നമ്പർ, സർവ്വേ നമ്പർ | 1007/15, 362/14-3,4 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ഷാഹുൽ ഹമീദ്, മുഹമ്മദ് ഇക്ബാൽ, പുളിപ്പറമ്പിൽ ഹൗസ്, അത്താലൂർ, കൊട്ടന്തിരപ്പള്ളി |
| വിസ്തീർണ്ണം | 260.95 ച. മീ. സൂപ്പർ മാർക്കറ്റ് |
| നിലവിലെ നികുതി നിർണ്ണയം | 260.95x40 = 10438<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10%<br>BT- 11482<br>LC- 574<br>Total= 12056 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 260.95x80 = 20876<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 10%<br>BT- 22964<br>LC- 1148<br>Total = 24112 |
| നഷ്ടം | 24112-12056=12056 |
| ആകെ നഷ്ടം | 13172+12056 = 25228 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്
( 2-8/11/2021 ) മറുപടി ലഭ്യമാക്കിയില്ല.
മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.
വസ്തുനികുതി നിർണ്ണയം പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തുനികുതി ഇളവു ലഭ്യമാകുന്നതിന് സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയയിൽ ലഭ്യമായ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വിമുക്ത ഭടൻമാരുടെ 2000 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് സ.ഉ (കൈ) നം. 106/2017

/ത.സ്വ.ഭ.വ തീയതി 26.05.2017 പ്രകാരം നികുതി ഇളവ് ലഭ്യമാകുന്നതിന് ഓരോ വർഷവും ഉത്തരവിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ ഒരു സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം 21 പേർക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. ഇതിൽ താഴെ പട്ടികയിൽപ്പെട്ടവരുടെ കെട്ടിടത്തിന്റെ വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റ് മുകളിലാണ്. മേൽ ചൂണ്ടി കാണിച്ച ഉത്തരവിൽ ഖണ്ഡിക -2 പ്രകാരം കെട്ടിട നികുതി നിർണ്ണയിക്കുന്നതിനുള്ള തറ വിസ്തീർണ്ണം 2000 ച. അടി എന്നത് നിലനിർത്തേണ്ടതും എന്നാൽ 2000 കൂടുതലായി തറ വിസ്തീർണ്ണം വരുന്ന പക്ഷം കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിനു മാത്രം അതാത് കാലത്ത് നിലവിലുള്ള നിയമപ്രകാരം നികുതി ഈടാക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 2019-20ലേക്ക് നികുതി ഇളവിനായി വിമുക്ത ഭടൻമാർ സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നമ്പർ- കെട്ടിട നം. | പേര് , മേൽവിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച. മീ) | കെട്ടിടത്തിന്റെ വിസ്തീർണ്ണം സ്ക്വയർ ഫീറ്റ് |
|---|---|---|---|---|
| 1 | 8/707 | ബാലകൃഷ്ണൻ,s/0 പത്മനാഭൻ നായർ | 202.82 | 2183.15 |
| 2 | 14/742 | പി. മധുസൂദനൻ | 209 | 2249.676 |
| 3 | 10/433 | ജയകൃഷണൻ നമ്പ്യാർ | 200 | 2152.8 |
| 4 | 3/714 | ദനേഷ്, S/o നാരായണ ഗുപ്തൻ | 194.12 | 2089.50 |

മേൽ ചൂണ്ടി കാണിച്ച നാല് പേർക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) സഞ്ചയയിലെ (Discrepancy-Tax Exempted Building List) വിവരങ്ങളനുസരിച്ച് സ.ഉ (എം.എസ്) നം. 144/2015 ത.സ്വ.ഭ.വ തീയതി 27.04.15, സ.ഉ (എം.എസ്) നം. 358/2015 ത.സ്വ.ഭ.വ തീയതി 16.12.15 എന്നിവ പ്രകാരം നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട 32 കെട്ടിട ഉടമസ്ഥർ (60ച.മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾ) ഉത്തരവുപ്രകാരം നൽകേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെങ്കിൽ, ഹാജരാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ എൻക്വയറി
(6-10/11/21) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വിമുക്തഭടൻമാരുടെ 2000ച.മീ -ൽ അധികം വലുപ്പമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളാണ് മേൽ പരാമർശിച്ചിരിക്കുന്നത്. ഇവ കൂടാതെ ഈ വിഭാഗത്തിലുൾപ്പെടുത്തി ഇളവുകൾ നൽകിയ 2000 ച.മീ താഴെ വരുന്ന എല്ലാ കെട്ടിട ഉടമകളിൽ നിന്നും ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സഞ്ചയയിൽ മേൽവിവരങ്ങൾ കാലികമാക്കേണ്ടതുമാണ്.

2. നികുതി ഇളവ് നൽകുന്നതിന് സ.ഉ (കൈ) നം. 106/2017/ത.സ്വ.ഭ.വ തീയതി 26.05.2017, സ.ഉ (കൈ)

നം. 1014/2021/ത.സ്വ.ഭ.വ തിയതി 19.05.2021, സ.ഉ (എം.എസ്) നം. 144/2015 ത.സ്വ.ഭ.വ തിയതി 27.04.15, സ.ഉ (എം.എസ്) നം. 358/2015 ത.സ്വ.ഭ.വ തിയതി 16.12.15 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഇളവുകൾ അനുവദിക്കുമ്പോൾ മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ നിന്നും കെട്ടിട ഉടമകൾ വ്യതിചലിച്ചിട്ടില്ലെന്നും ഉടമസ്ഥരുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദിച്ചിട്ടില്ലെന്നും കെട്ടിടം കൈമാറ്റം ചെയ്തിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഒടുക്കേണ്ട ജി എസ് ടി തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി

ഭരണസമിതിയുടെ 27.11.19 തീയതിയിലെ 7(4) തീരുമാനം പ്രകാരം 2018 ഓഗസ്റ്റ് മാസത്തിന് മുമ്പ് ജി എസ് ടി ഇനത്തിൽ ലഭ്യമായ തുക 28,562/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. "ഗ്രാമപഞ്ചായത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ലഭിച്ച 2018ആഗസ്റ്റ് മാസത്തിന് മുമ്പ് ഫ്രണ്ട് ഓഫീസിൽ വരവ് വന്ന 28,562/-രൂപ (2017-18 വർഷത്തെ 8,074/- രൂപയും 1.4.18 മുതൽ 30.9.18 വരെയുള്ള 20,488/- രൂപയും സർക്കാരിലേക്ക് അടവാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡിൽ അവശേഷിക്കുന്ന തുക (CGST-14281/-, SGST-14281/-) പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചു" എന്നാണ് തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2019-20 വർഷത്തിൽ ലയബിലിറ്റി ഹെഡിൽ മുന്നിരിപ്പ് കാണിച്ചിട്ടുള്ള തുക വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സർക്കാരിലേക്ക് ഒടുക്കേണ്ട തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/20.11.21) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിലേക്ക് ഒടുക്കേണ്ട നികുതികൾ യഥാസമയം ഒടുക്കുവരുത്താതെ പിഴ ഒടുക്കുന്നതിന് സാഹചര്യം ഉണ്ടാകുന്ന പക്ഷം ഒടുക്കേണ്ടിവരുന്ന പിഴത്തുകക്ക് അതാത് കാലയളവിലെ സെക്രട്ടറിമാർ നഷ്ടോത്തരവാദികളായിരിക്കും. ജി എസ് ടി തുക അടിയന്തിരമായി ഒടുക്കേണ്ടതും അടവാക്കേണ്ടിവരുന്ന പിഴ യഥാസമയം ജി എസ് ടി അടവാക്കാതിരുന്ന സെക്രട്ടറിമാരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 അംഗീകാരമില്ലാത്ത തസ്തികയിൽ ദിവസവേതനജീവനക്കാർക്ക് വേതനം നൽകി

ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജീവനക്കാരെ നിയമിച്ച് 350/- രൂപ നിരക്കിൽ ദിവസവേതനം നൽകിയതായി കണ്ടെത്തി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ താഴെപ്പറയും പ്രകാരമാണ് ദിവസവേതനം നൽകിയിട്ടുള്ളത്.

1.ശ്രീമതി. സബിന, ഹരിശങ്കർ റോഡ്, താരേക്കാട്

| വൗച്ചർ നം. | തുക |
|---|---|
| 21900013/2.4.19 | 9100 |
| 21900137/2.5.19 | 7000 |
| 21900283/1.6.19 | 8050 |
| 21900434/2.7.19 | 7700 |
| 21900574/1.8.19 | 8750 |

| | |
|---|---|
| 21900697/2.9.19 | 8750 |
| 21901112/2.12.19 | 8050 |
| 21901223/1.1.20 | 7350 |
| 21901389/1.2.20 | 8050 |
| 21901487/2.3.20 | 7350 |
| ആകെ | 80150 |

2.ശ്രീമതി. നബിസ, നെഹ്റുകോളനി, കൊടുന്തിരപ്പുള്ളി

| വൗച്ചർ നം. | തുക |
|---|---|
| 21900825/3.10.19 | 6650 |
| 21900991/1.11.19 | 7700 |
| ആകെ | 14350 |

സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയ ശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താവൂ.

നിലവിലില്ലാത്ത തസ്തികയിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/17.11.21) പാലക്കാട് നഗരത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തിന് 21 വാർഡുകളാണുള്ളതെന്നും ആകെ 3 എൽഡി ക്ലർക്ക് തസ്തികകൾ മാത്രമാണുള്ളതെന്നും അറിയിച്ചു. സെക്ഷനിലെ ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട സാഹചര്യത്തിലും പ്രൊജക്ട് രൂപീകരണസമയത്ത് ഡാറ്റാ എൻട്രി ജോലികൾ ചെയ്യുന്നതിനുമാണ് ഒരാളെ ഡാറ്റാ എൻട്രി പ്രവൃത്തികൾക്കായി നിയമിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ജോലിഭാരം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ദിവസവേതനത്തിന് ആളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നടപടിക്രമങ്ങൾ പാലിക്കാതെ ദിവസവേതനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 94,500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 തൊഴിൽരഹിത വേതനം വരുമാന പരിധി ഉറപ്പാക്കിയിട്ടില്ല.

2019-20 വർഷത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം 2 തവണകളായി തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

| ബിൽ നം./തിയ്യതി | പിൻ വലിച്ച തുക | നൽകിയ തുക | വേതനം കൈപ്പറ്റിയവരുടെ എണ്ണം |
|---|---|---|---|
| 15/6.9.19 | 227400 | 49440 | 53 |
| 48/31.3.20 | 36720 | 36720 | 51 |

വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും

വാർഷിക കുടുംബ വരുമാനം 12,000/- രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹരായിട്ടുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാക്കുന്ന നടപടിക്രമ ഉത്തരവിൽ തൊഴിലുറപ്പ് ആനുകൂല്യം കൈപ്പറ്റുന്നവരെയും വ്യക്തിഗത കുടുംബവാർഷിക വരുമാനപരിധിയിൽ അധികരിക്കുന്നവരെയും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാത്തവരെയും മറ്റു തരത്തിൽ അനർഹരായവരെയും ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വേതനം കൈപ്പറ്റുന്നവരുടെ വരുമാന പരിധി ഉറപ്പുവരുത്തുന്നതിന് രേഖകൾ ആവശ്യപ്പെടാവുന്നതാണ്. എന്നാൽ പിരായിരി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ 2019-20 വർഷത്തിൽ വരുമാന പരിധി ഉറപ്പുവരുത്തുന്നതിന് രേഖകൾ ആവശ്യപ്പെട്ട് പരിശോധന നടത്തിയിട്ടില്ല. 2019-20 വർഷത്തിൽ ഇത്തരത്തിൽ വരുമാന പരിധി ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല

12,000/- രൂപ കുടുംബവാർഷിക വരുമാനപരിധി ഉറപ്പാക്കി മാത്രം തൊഴിൽരഹിതവേതനം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പദ്ധതി പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 119/20 | ഉപാസന നഗർ സി എച്ച് നഗർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 4/13.6.19 വികസനഫണ്ട് | 100000 | വാട്ടർ അതോറിറ്റി |
| 2 | 143/20 | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | 8/24.6.19<br>30/28.2.20 | 182361<br>47471 | കെ എസ് ഇ ബി, മേലാമുറി |
| 3 | 226/20 | വാർഡ് 2 ൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | 20/9.10.19 | 49968 | കെ എസ് ഇ ബി |
| 4 | 4/20 | സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ-ലൈൻ വലിക്കൽ | 31/28.2.20<br>35/28.2.20 | 68933<br>11936 | കെ എസ് ഇ ബി |
| 5 | 120/20 | സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ 1,19 വാർഡുകൾ | 29/27.2.20 | 99968 | കെ എസ് ഇ ബി |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിച്ചപ്പോൾ പ്രവർത്തി നടപ്പിലാക്കുന്ന ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും

ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-21-1 എസ് എസ് എ വിഹിതം നൽകൽ-തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് നം.3/20

അടങ്കൽ-8,00,000/-(വികസനഫണ്ട്)

ബിൽ നം.12/30.7.19, തുക-8,00,000/-

തുക എസ്.എസ്.എ പ്രൊജക്ട് കോർഡിനേറ്ററുടെ 0812101070730 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 29.01.2018 ലെ സ.ഉ.(കൈ)നം.11/2018/ ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3-ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകൾ, ചെലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-22 ജലനിധി - തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

ജലനിധി പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി പ്രൊജക്ട് നം. 183/20 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായ 1,62,804/- രൂപ തനത് ഫണ്ടിൽ നിന്നും GPLAC അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 40696101029604) നൽകിയിട്ടുണ്ട്. ജലനിധിയുടെ ഫണ്ട് തുക 8,14,020/- രൂപയും ഈ അക്കൗണ്ടിലേക്ക് നൽകി. (വൗച്ചർ നം. 21900972/25.10.19, തുക-9,76,824/-) തുക വിനിയോഗിച്ചതിന്റെ വിനിയോഗരേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/17.11.21) മറുപടി ലഭ്യമാക്കുകയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ വികസനഫണ്ടിൽ നിന്ന് നൽകിയ 1,62,804/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 പഞ്ചായത്ത് കല്യാണമണ്ഡപം -ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നില്ല

പ്രൊ.നം.174/20(സ്പിൽ ഓവർ)

അടങ്കൽ-5,36,000/-

ബിൽ നം.27/28.2.20-107200

2017-18 വർഷത്തിൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതി ഐ.ആർ.ടി.സി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിക്കായി ആകെ 5,36,000/- രൂപ ചെലവ് വന്നിട്ടുണ്ട്. 150 കി.ഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2019-20 വർഷത്തിൽ ഫൈനൽ ബിൽ അനുവദിച്ചു. ഐ.ആർ.ടി.സി നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം 7.11.19 തീയതിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് പൂർത്തീകരിച്ചുവെങ്കിലും കല്യാണമണ്ഡപം വാടകയ്ക്ക്

നൽകുമ്പോൾ ബയോഗ്യാസ് പ്ലാന്റ് പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല. ബയോഗ്യാസിൽ നിന്നുള്ള ഗ്യാസ് ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേകം ചാർജ്ജ് ഈടാക്കുന്നില്ല.

കല്യാണമണ്ഡപം വാടകക്ക് നൽകുമ്പോൾ ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ തയ്യാറാക്കേണ്ടതും വാടകക്ക് നൽകുമ്പോൾ അക്കാര്യം പാർട്ടികളെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.18/17.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്റ്റ് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

| പ്രോജക്റ്റ് നം. | പ്രോജക്റ്റ് പേര് | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| 165/20 | കറവപശു വളർത്തൽ (വനിത) | 1610400രൂപ (വികസനഫണ്ട്-സാധാരണ<br>വിഹിതം-560000രൂപ, തനതുഫണ്ട്-400രൂപ,മറ്റുള്ളവ-1050000രൂപ) | 300000 രൂപ<br>(ബിൽനം.1 - 120000 രൂപ-തിയതി - 29-7-19<br>ബിൽ നം.5-80000 രൂപ-തിയതി - 26-9-19<br>ബിൽ നം. 6-60000 രൂപ -തിയതി - 12-11-19<br>ബിൽ നം.7-40000 രൂപ – തിയതി - 6-1-2020) |
| 166/20 | കറവപശു വളർത്തൽ (എസ്.സി.വനിത) | അടങ്കൽ -350000 രൂപ (വികസനഫണ്ട്-എസ്.സി.പി -175000 രൂപ, മറ്റുള്ളവ-175000രൂപ | ചെലവ് - 50000 രൂപ (ബിൽ നം.2, 50000 രൂപ – തിയതി - 29/7/2019) |

മേൽ കൊടുത്തിരിക്കുന്ന രണ്ടു പ്രൊജക്റ്റുകൾ മുഖേന 17 പേർക്ക് (15 ജനറൽ + 2 എസ്.സി) കറവപശു വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നല്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതികളിൽ , പശു ആരിൽ നിന്ന് വാങ്ങി എന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ, പർച്ചേസിങ്ങ് കമ്മിറ്റി മുഖാന്തിരമാവണം വാങ്ങലുകൾ നടത്തേണ്ടത് എന്നതും ഈ പ്രൊജക്റ്റ് നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ്

അന്വേഷണ(നം. 20/17-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 'അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി '- സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ പർച്ചേസ് നടത്തി

പ്രോജക്റ്റിന്റെ പേര് – അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ

പ്രോജക്റ്റ് നം. - 173 /20

അടങ്കൽ – 75,000/- രൂപ (മെയിന്റനസ് ഫണ്ട് - റോഡിതരം - 75,000/- രൂപ)

ചെലവ് -74,665/- രൂപ (ബിൽ നം. 11/19-20 - തിയതി -9-10-19 , 74,665/-രൂപ )

പിരായിരി പഞ്ചായത്തിലെ ആന്ത്രാംകുന്ന്, മാപ്പിളക്കാട്, അണ്ടലംക്കാട്, പൂടൂർ എന്നീ അങ്കണവാടികൾക്ക് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫർണ്ണിച്ചർ വാങ്ങി നല്കുന്നതിനാണ് ഈ പ്രൊജക്റ്റ് വഴി ലക്ഷ്യമിട്ടത്. KPM എന്റർപ്രൈസസ്, ദാസ് ഏജൻസീസ്, EFFAR ട്രേഡിങ്ങ് എന്നീ സ്ഥാപനങ്ങൾ 17-8-19 തീയതിയിൽ നടന്ന ടെൻഡറിൽ പങ്കെടുത്തതിൽ EFFAR ട്രേഡിങ്ങ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 74,665/- രൂപയ്ക്ക് 109 കസേരകൾ വാങ്ങി അങ്കണവാടികൾക്ക് നല്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ വഴിയാണ് മേൽ സ്ഥാപനത്തെ തെരെഞ്ഞെടുത്തത് എങ്കിലും എപ്രകാരമുള്ള ഫർണ്ണിച്ചറാണ് ആവശ്യമുള്ളത് എന്ന് വിവരിക്കുന്ന ടെൻഡർ സ്പെസിഫിക്കേഷൻ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി(നം.19/17-11-2021)യ്ക്ക് മറുപടിയായി, അങ്കണവാടികളിൽ നടക്കുന്ന അമ്മമാരുടെ യോഗങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഉപയോഗിക്കാനാവശ്യമായ "മീഡിയം സൈസ് പ്ലാസ്റ്റിക് കസേര" എന്ന് മാത്രമേയുള്ളൂ എന്നാണ് അറിയിച്ചിരിക്കുന്നത്. എല്ലാ നിരക്കിലും ഗുണനിലവാരത്തിലും വിലയിലും ഉള്ള കസേരകൾ തെരെഞ്ഞെടുത്ത് ഭരണസമിതി അംഗീകാരത്തോടെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത് എന്നും ടി പ്രവർത്തനത്തിൽ സർക്കാരിന് ഒരു നഷ്ടവും സംഭവിച്ചിട്ടില്ല എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിരിക്കുന്നത്. ഭാവിയിൽ പർച്ചേസ് നടപടികളിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളൂ എന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അംഗനവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന പ്രോജക്റ്റുകളിൽ നിയമാനുസൃത ജി.എസ്.ടി - ടി. ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1.) പ്രോജക്റ്റിന്റെ പേര് - അങ്കണവാടി പോഷകാഹാരം(ജനറൽ)

പ്രോജക്റ്റ് നം. - 23/20

അടങ്കൽ - 30,50,000/- രൂപ

(വികസനഫണ്ട് - പൊതുവിഭാഗം സാധാരണവിഹിതം - 18,00,000/- രൂപ)
കേന്ദ്രാവിഷ്കൃതഫണ്ട് - 12,50,000/- രൂപ)
ചെലവ് - 19,87,799/- രൂപ

2.) പ്രോജക്റ്റിന്റെ പേര് - അങ്കണവാടി പോഷകാഹാരം(എസ്.സി)

പ്രോജക്റ്റ് നം. - 22/20

അടങ്കൽ -3,00,000/- രൂപ

(വികസനഫണ്ട് (എസ്.സി.പി)-2,00,000/- രൂപ

കേന്ദ്രാവിഷ്കൃതഫണ്ട് - 1,00,000/- രൂപ)
ചെലവ് - 2,00,000/- രൂപ

മേൽ പ്രോജക്റ്റുകൾ വഴി അമ്മു ഫുഡ്സ് കുടുബശ്രീ യൂണിറ്റ് മുഖേന ന്യൂട്രിമിക്സിന് പർച്ചേസ് ചെയ്യതിന് 12,69,817/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നം. | ബിൽ തുക | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി -ടി.ഡി.എസ് |
|---|---|---|---|---|
| 1 | 665 | 112122.50 | 105350 | 2107 |
| 2 | 666 | 20706 | 19720 | 394.4 |
| 3 | 710 | 134509.74 | 126385 | 2527.7 |
| 4 | 711 | 20827.80 | 19836 | 396.72 |
| 5 | 741 | 118306 | 111160 | 2223.2 |
| 6 | 743 | 20218.80 | 19256 | 385.12 |
| 7 | 825 | 109887.50 | 103250 | 2065 |
| 8 | 792 | 22654.80 | 21576 | 431.52 |
| 9 | 791 | 133690.30 | 125615 | 2512.3 |
| 10 | 877 | 109403.25 | 102795 | 2055.9 |
| 11 | 1150 | 121956.50 | 114590 | 2291.8 |
| 12 | 1149 | 11340 | 10800 | 216 |
| 13 | 1148 | 18635.40 | 17748 | 354.96 |
| 14 | 1187 | 142071.50 | 133490 | 2669.8 |

| | | | | |
|---|---|---|---|---|
| 15 | 1189 | 12484.50 | 11890 | 237.8 |
| 16 | 1190 | 4132.80 | 3936 | 78.72 |
| 17 | 1188 | 18879 | 17980 | 359.6 |
| 18 | 1229 | 134249 | 126140 | 2522.8 |
| 19 | 1230 | 16991 | 16182 | 323.64 |
| 20 | 1231 | 24116.40 | 22968 | 459.36 |
| 21 | 1232 | 10962 | 10440 | 208.8 |
| 22 | 826 | 30145.50 | 28710 | 574.2 |
| ആകെ | | | 1269817 | 25396.34 |

നികുതി ഒഴികെയുള്ള തുക 2,50,000/- രൂപയിൽ അധികമായാൽ ജി എസ് ടി - ടിഡിഎസ് ഈടാക്കേണ്ടതാണ്. ഇനിയുള്ള ബില്ലുകളിൽനിന്നും ജി എസ് ടി - ടിഡിഎസ് പിടിച്ച് അടച്ചുകൊള്ളാമെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.10/15-11-2021)

1-27 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ 'വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി '- അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പ്രൊജക്റ്റ് 2019-2020 സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നം. - 171/20

പ്രൊജക്റ്റ് പേര്- വയോജനങ്ങൾക്ക് കട്ടിൽ വിതരണം

അടങ്കൽ-2,00,100/- രൂപ(വികസനഫണ്ട്-പൊതുവിഭാഗം സാധാരണവിഹിതം - 20068, തനതുഫണ്ട് - 32)

ചെലവ് - 1,96,350/- രൂപ ( ബിൽ നം.3/2019-20 - 16-8-19, 1,54,000/- രൂപ, ബിൽ നം. 18/2019-20 - 11-12-19, 42,350/- രൂപ)

പദ്ധതിയുടെ നിർവ്വഹണത്തിനായി 23-10-2018 ടെൻഡർ നടന്നതിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി.

1) മുണ്ടിക്കുന്നേൽ ഏജൻസീസ്

2) സംസം ഇൻഡസ്ട്രീസ്

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം പദ്ധതി നടത്തിപ്പിനായി 1.98 M* 90cm * 60/50 (Top:8mm Marine Grade Plywood) ആണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ടെണ്ടറിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | കരാറുകാരുടെ പേര് | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | മുണ്ടികുന്നേൽ ഏജൻസീസ് | ആഞ്ഞിലി-3590<br>മഹാഗണി തടി-3190 |

| | | |
|---|---|---|
| | | തെങ്ങ്- 3150<br>സ്റ്റീൽ -3750 |
| 2 | സംസം ഇൻഡസ്ട്രീസ് | 8 Mm പ്ലൈവുഡ്-2888/-<br>10mm പ്ലൈവുഡ്-3200/-<br>12 Mm പ്ലൈവുഡ്-4100/- |

23-10-2018 ലെ പർച്ചേസ് കമ്മിറ്റി മിനുട്സ് തീരുമാനം 1 പ്രകാരം " മുകൾവശം പ്ലൈവുഡ് കൊണ്ടുള്ള മാർഗ്ഗരേഖ പ്രകാരമുള്ള കട്ടിലിന് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് സംസം ഇൻഡസ്ട്രീസ്(2,888/-) ആണ്. എന്നാൽ കുറച്ച് കൂടി ഗുണമേന്മയുള്ള ഉറപ്പും ബലവുമുള്ള മുകൾവശം പ്ലൈവുഡ് ആയിട്ടുള്ള കട്ടിൽ ആവശ്യമാണെന്ന് കമ്മിറ്റിക്ക് തോന്നിയതിനാൽ കരാറുകാരുമായി (സംസം ഇൻഡസ്ട്രീസ്) നെഗോഷ്യേറ്റ് ചെയ്ത് 4,100 /- യുടെ കട്ടിൽ 3,850/- രൂപയ്ക്ക് വാങ്ങുന്നതിന് ഐക്യകണ്ഠേന തീരുമാനിച്ചു".

29-11-2018 ലെ ഭരണസമിതി യോഗം മേൽ തീരുമാനം (തീരുമാനം-11(2)) അംഗീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പ്രൊജക്റ്റിനായി ഐസിഡിഎസ് സൂപ്പർവൈസർ 51 കട്ടിൽ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. (3850*51=196350 രൂപ). ഗ്രാമപഞ്ചായത്ത് ടെണ്ടറിൽ പദ്ധതി നിർവ്വഹണത്തിനായി ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ 8 Mm പ്ലൈവുഡ് കട്ടിൽ ആണ്. എന്നാൽ കുറവ് നിരക്ക് ഉള്ള 8 Mm പ്ലൈവുഡ് കട്ടിൽ – 2,888/- ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള 12 Mm പ്ലൈവുഡ് കട്ടിലാണ് (4100 / 3850) വാങ്ങിയത് . ഗ്രാമപഞ്ചായത്ത് ടെണ്ടറിൽ പദ്ധതി നിർവ്വഹണത്തിനായി ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ 8 Mm പ്ലൈവുഡ് കട്ടിൽ ആണ്. എന്നാൽ കുറവ് നിരക്ക് ഉള്ള 8 Mm പ്ലൈവുഡ് കട്ടിൽ – 2888/- ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള 12 Mm പ്ലൈവുഡ് കട്ടിലാണ് (4100 / 3850) വാങ്ങിയത് . ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ(നം.10/15-11-2021)ത്തിന് മറുപടിയായി, 8mm കട്ടിൽ ഗുണനിലവാരമില്ലാത്തതാണെന്ന് പർച്ചേസ് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടതിനാലാണ് ഉയർന്ന വിലയുള്ള കട്ടിൽ വാങ്ങിച്ചത് എന്നാണ് അറിയിച്ചിരിക്കുന്നത്.

നിർദ്ദേശം

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതും വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേയ്സ് മാനുവലിലേയും മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

1-28 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്ക് ധനസഹായം - തുക അനുവദിക്കുന്നത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിധേയമാകണം

2019-2020 സാമ്പത്തികവർഷം പ്രൊജക്റ്റ് നം. 193/20 – ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം (എസ്.സി) എന്ന പ്രൊജക്റ്റ് നിർവ്വഹണോദ്യോഗസ്ഥയായ എച്ച്.എം. ഏറ്റെടുത്ത്

നടപ്പിലാക്കിയിട്ടുണ്ട്.

അടങ്കൽ - 6,00,000/- രൂപ (വികസനഫണ്ട് SCP- 6,00,000/- രൂപ)

ചെലവ് – 4,50,000/- രൂപ (ബിൽ നം.-1/2019-2020, 4,50,000/- രൂപ, 25-11-19)

പഞ്ചായത്ത് പരിധിയിലെ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിനായി ധനസഹായം നല്കുക എന്നതാണ് മേൽ പ്രൊജക്റ്റ് വഴി ലക്ഷ്യമിട്ടത്. ഇതിനായി പഞ്ചായത്ത് പരിധിയിലെ നാല് വിദ്യാർത്ഥികളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്.

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി-29-01-2018 ഖണ്ഡിക 7.2.17 പ്രകാരം പഠനമുറിയ്ക്ക് ധനസഹായമായി ആകെ 2 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. ഇതിൽ 50,000/- രൂപ മുൻകൂർ നല്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കേണ്ടത്. സ.ഉ(സാധാ) നം.221/2020/തസ്വഭവ തിയതി 28-01-2020 പ്രകാരം തുക ഗഡുക്കളായി അനുവദിക്കുന്നതിന് സ്പഷ്ടീകരണം നല്കിയിട്ടുണ്ട്. 50,000/- രൂപ ആദ്യഗഡുവായും ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ട് ഗഡുക്കളായും നല്കാവുന്നതാണ്. ആദ്യ ഗഡു നല്കി നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവും പഠനമുറി പൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവും നല്കാവുന്നതാണ്.

ടി പ്രൊജക്റ്റിനായി തെരെഞ്ഞെടുക്കപ്പെട്ട നാലു വിദ്യാർത്ഥികൾക്ക്, പഠനമുറിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ മുറയ്ക്ക് 4,50,000/- രൂപ നല്കിയിട്ടുണ്ട്. പിരായിരി ഗ്രാമപഞ്ചായത്തിലെ LSGD സെക്ഷനിലെ ഓവർസിയറുടെ പരിശോധന റിപ്പോർട്ട് പ്രകാരമാണ് വിദ്യാർത്ഥികൾക്ക് ഓരോ ഘട്ടവും പൂർത്തിയാവുന്ന മുറയ്ക്ക് തുകകൾ അനുവദിച്ചിരിക്കുന്നത്. എന്നാൽ അപ്രകാരമുള്ള പരിശോധനാ റിപ്പോർട്ടിൽ അബിൻദാസ് S/o ബാബു, കളപറമ്പ് എന്നയാളുടെ 15/711 നമ്പർ വീട് പരിശോധിച്ചതിൽ, പഠനമുറി രണ്ടാം ഘട്ടം പൂർത്തിയാക്കിയിട്ടില്ല എന്നും ആയതിനാൽ രണ്ടാം ഘട്ടം തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്നുള്ള വിവരമാണ് ഓവർസിയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ മേൽ വിദ്യാർത്ഥിക്ക് രണ്ടാം ഘട്ടം പൂർത്തിയാക്കിയവർക്കുള്ള ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള പരിശോധനാറിപ്പോർട്ട് നല്കിയിട്ടും രണ്ടാം ഘട്ടതുക ടി വിദ്യാർത്ഥിക്ക് നല്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നും പ്രൊജക്റ്റിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കേണ്ടതാണ് എന്നും സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം ( നം.15/17-11-2021) നല്കിയിരുന്നു. ആയതിന് മറുപടിയായി ടി വിദ്യാർത്ഥിയുടെ പഠനമുറിയുടെ രണ്ടാം ഘട്ടനിർമ്മാണം ഓഡിറ്റ് വേളയിൽ പരിശോധിക്കുകയും നിലവിൽ ഈ വിദ്യാർത്ഥിക്ക് 2,3 ഘട്ടങ്ങളിലെ ധനസഹായം കൊടുക്കാവുന്നതാണെന്ന ഓവർസിയറുടെ റിപ്പോർട്ട് (തിയതി-22/11/2021) നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ മാർഗ്ഗരേഖയ്ക്കനുസൃതമായി പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-29 എച്ച്.എം.നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - ഏറ്റെടുത്തവ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

എച്ച്.എം. നിർവ്വഹണോദ്യോഗസ്ഥയായി 2019-2020 വർഷത്തിൽ താഴെപ്പറയുന്ന പ്രൊജക്റ്റുകളാണ് നടപ്പിലാക്കാനായി ഏറ്റെടുത്തിട്ടുള്ളത്.

| പ്രൊജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 27 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 355000 | 0 |

| | | | |
|---|---|---|---|
| | വാങ്ങി നല്കൽ (എസ്.സി) | | |
| 29 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നല്കൽ | 500000 | 0 |
| 192 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നല്കൽ | 360000 | 0 |
| 193 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്ക് ധനസഹായം(എസ്.സി) | 600000 | 450000 |
| 194 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങിനല്കൽ(എസ്.സി) | 310000 | 0 |
| 195 | എസ്.സി . വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വാങ്ങിനല്കൽ | 456780 | 0 |
| 196 | പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നല്കൽ | 455000 | 0 |
| 230 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വാങ്ങിനല്കൽ | 400000 | 0 |

മേൽ പ്രൊജക്ടുകളിൽ 2019-2020 സാമ്പത്തികവർഷം നടപ്പിലാക്കിയത് പ്രൊജക്റ്റ് നം.193/20 മാത്രമാണ്. ശേഷിക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം -15/17-11-2021 ത്തിന് മറുപടിയായി , പ്രൊജക്ടുകളുടെ അപേക്ഷകളിൽ മതിയായ രേഖകൾ ഉണ്ടായിരുന്നില്ല എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് ബോധിപ്പിക്കാനുണ്ടായിരുന്നത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്. അതത് കാലഘട്ടങ്ങളിൽ നിർവ്വഹണം നടത്താനായി ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാത്തതു മൂലം ഗുണഭോക്താക്കൾക്ക് അവരർഹിക്കുന്ന ആനുകൂല്യം ലഭിക്കാതെ പോകുന്നു. പഞ്ചായത്ത് പരിധിയിലെ എസ്.സി. വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള മേൽ പ്രൊജക്ടുകൾ നടപ്പിലാക്കാതിരുന്നത് ടി വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ ബാധിക്കുമെന്നതിനാൽ വരും വർഷങ്ങളിൽ പ്രൊജക്ടിനായി വകയിരുത്തിയ ഫണ്ടുകൾ ലാപ്സായി പോകാതെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രൊജക്ടുകൾ പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 'നെല്ല് വിത്ത് വിതരണം പദ്ധതി'- ഗുണഭോക്തൃവിഹിതം ഫോം നം. XXXIII രസീതി മുഖേന പിരിച്ചെടുക്കേണ്ടതാണ്

പ്രൊജക്റ്റ് നം. - 67/20

പ്രൊജക്ടിന്റെ പേര് – നെല്ല് വിത്ത് വിതരണം

അടങ്കൽ – 540000 രൂപ (വികസനഫണ്ട് (പൊതുവിഭാഗം സാധാരണവിഹിതം - 540000 രൂപ, ഗുണഭോക്തൃവിഹിതം – 267300 രൂപ)

ചെലവ്- 807300 രൂപ

ഈ പ്രൊജക്ടിന് നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നാണ് നെൽവിത്ത് വാങ്ങിയിരിക്കുന്നത്. പ്രൊജക്റ്റ് നടപ്പിലാക്കാനായി ഗുണഭോക്തൃവിഹിതം (267300 രൂപ) ഫോം നം.

XXXIII രസീതി മുഖേനയല്ല പിരിച്ചെടുത്ത് പഞ്ചായത്തിൽ ഒടുക്കിയിരിക്കുന്നത്. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.24/20-11-2021) മറുപടിയായി, മേൽ പ്രൊജക്റ്റിന്റെ ഗുണഭോക്തൃവിഹിതമായ 267300 രൂപ ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണെന്നും സർക്കാരിനോ പഞ്ചായത്തിനോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും മേലിൽ ഫോം നം. XXXIII രസീതി മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയുള്ളൂ എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.6 ലെ വ്യവസ്ഥ അനുസരിച്ച് " ഉത്പാദനോപാധികളും യന്ത്രസാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടക്കണമെന്ന് " രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ടുകളുടെ ഗുണഭോക്തൃവിഹിതം 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 20 (ബി) പ്രകാരം ഭാവിയിൽ ഫോം നം. XXXIII രസീതി മുഖേന പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

1-31 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച് കട്ടിൽ വാങ്ങിയതിൽ നഷ്ട്ടം

| | | |
|---|---|---|
| പ്രൊജക്റ്റ് | ഉപാസന നഗർ സി എച്ച് നഗർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | അടങ്കൽ- 400200 |
| വയോജനങ്ങൾക്ക് കട്ടിൽ വിതരണം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി സെക്രട്ടറി<br>ഫണ്ടിനം- വികസന ഫണ്ട്- എസ് സി പി | ചെലവ്- 365750<br>ബിൽ നമ്പർ- 1/19-20,28-05-2019, തുക-96250/-<br>ബിൽ നമ്പർ- 2/19-20,28-06-2019, തുക-269500/- | |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4,350/- ൽ അധികരിക്കാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്.

പിരായിരി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി) എന്ന പേരിൽ അസി സെക്രട്ടറി നടപ്പാക്കിയ പദ്ധതി 2018-19ൽ ആവിഷ്ക്കരിച്ച് സ്പിൽ ഓവർ ആയതാണ്. 03-10-2018 ലെ ടെണ്ടർ പരസ്യ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെ പറയുന്ന രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്.

1) മുണ്ടിക്കുന്നേൽ ഏജൻസീസ്

2) സംസം ഇൻഡസ്ട്രീസ്, കൊടുന്തരപുള്ളി

2086/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള ടെണ്ടർ സ്പെസിഫിക്കേഷൻ 1.98 M* 90cm * 60/50 (Top :8mm Marine Grade Plywood) ആണ് ടെണ്ടറിൽ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ടെണ്ടറിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|
| മുണ്ടികുന്നേൽ ഏജൻസീസ് | ആഞ്ഞിലി-3590<br>മഹാഗണി തടി-3190<br>തെങ്ങ്- 3150<br>സ്റ്റീൽ -3750 |
| സംസം ഇൻഡസ്ട്രീസ് | 8 Mm പ്ലൈവുഡ്-2888/-<br>10mm പ്ലൈവുഡ്-3200/-<br>12 Mm പ്ലൈവുഡ്-4100/- |

മേൽ പരാമർശിച്ച സംസം ഇൻഡസ്ട്രീസ് എന്ന സ്ഥാപനം മൂന്ന് തരത്തിലുള്ള സ്പെസിഫിക്കേഷൻ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 8 Mm പ്ലൈവുഡ്-2,888/- ആണ് ഏറ്റവും കുറഞ്ഞ നിരക്ക്. എന്നാൽ23-10-2018 ലെ പർച്ചേസ് കമ്മിറ്റി മിനുട്സ് തീരുമാനം 1 പ്രകാരം കുറച്ച് കൂടി ഗുണമേന്മയുള്ള ഉറപ്പും ബലവുമുള്ള മുകൾവശം പ്ലൈവുഡ് ആയിട്ടുള്ള കട്ടിൽ 12 Mm പ്ലൈവുഡ്-4,100/- പ്രകാരമുള്ളതാണെന്നും ആയത് കരാറുകാരുമായി (സംസം ഇൻഡസ്ട്രീസ്) നെഗോഷ്യേറ്റ് ചെയ്ത് 3,850/- രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിച്ചു. കുറഞ്ഞനിരക്കിലുള്ള 8 Mmപ്ലൈവുഡ് - കട്ടിൽ -2,888/- ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള 12 Mm പ്ലൈവുഡ് കട്ടിൽ 3,850/- വാങ്ങിയതുകൊണ്ട് നഷ്ടം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13-15/11/2021) ലഭ്യമാക്കിയ മറുപടിയിൽ പട്ടികജാതിക്കാരായ വയോജനങ്ങളുടെ ക്ഷേമം മുന്നിൽക്കണ്ട് ആവിഷ്കരിച്ച പദ്ധതിയാണെന്നും പർച്ചേസ് കമ്മിറ്റി മുമ്പാകെ ഹാജരാക്കിയ സാമ്പിൾ കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും കട്ടിലിന്റെ വില സർക്കാർ നിർദ്ദേശിച്ച പരമാവധി സബ്സിഡി നിരക്കായ 4,350/-അധികരിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേയ്സ് മാനുവലിലേയും മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## 1-32 ക്യാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ-7എ കാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വി.ഇ.ഒ, ടി.ആർ-7എ ക്യാഷ് ബുക്കിനു പകരം അപ്രോപ്രിയെഷൻ രജിസ്റ്ററിലാണ് എഴുതുന്നത്. ആയതിൽ പ്ലാൻ ഫണ്ട് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഹഡ്ക്കോലോൺ, സ്റ്റേറ്റ് ഷെയർ, തനത് ഫണ്ടിൽനിന്നുമുള്ള വരവ്- ചെലവ് എന്നിവ രേഖപ്പെടുത്തുന്നില്ല. തുടർ വർഷങ്ങളിൽ ക്യാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-33 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

2019-20 വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ തയ്യാറാക്കിയതിനാസ്പദമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭിച്ച വായ്പ തുക, തൻവർഷത്തെ ലോൺ മുന്നിരിപ്പ്, തൻവർഷം ലഭിച്ച വായ്പ തുക, തിരിച്ചടച്ച തുക(മുതൽ, പലിശ), തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി രജിസ്ററർ കൃത്യമായും കാലികമായും എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്ററിൽ നിന്നും തുകകളുടെ വിവരം ലഭ്യമാകുമെന്നാലും ലോൺ ലഭിച്ച തുക, തിരിച്ചടവ്, ഇനി അടവാക്കാനുള്ള തുക എന്നീ കാര്യങ്ങളിലെ കൃത്യത ഉറപ്പാക്കുന്നതിനായി ലോൺ രജിസ്റ്റർ കാലികവും പൂർണ്ണവും ആക്കി സൂക്ഷിക്കേണ്ടതാണ്.

### 1-34 ലൈഫ് ഭവൻ പദ്ധതി-ജനറൽ–ആദ്യ ഗഡു കൈപ്പറ്റിയവരിന്മേൽ നിരീക്ഷണവും, തുടർനടപടികളും നടത്തുന്നില്ല

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | മറ്റു വിശദാംശങ്ങൾ |
|---|---|---|---|
| 1<br>2<br>3 | ഭവന നിർമ്മാണം (ലൈഫ് മിഷൻ)<br>പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം<br>ഭവന നിർമ്മാണം (ലൈഫ് മിഷൻ) | 16/20<br>അടങ്കൽ<br>102070580-<br>ചെലവ്<br>78426398-<br>186/20<br>(Spill Over)<br>556640-<br>ചെലവ്<br>551332<br>188/20<br>(Spill Over<br>194246398-<br>ചെലവ്<br>1280000- | പൂർത്തീകരിച്ചവരുടെ എണ്ണം -193<br>പൂർത്തീകരിക്കുവാൻ ബാക്കിയായവരുടെ എണ്ണം-277 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ ഭവന നിർമാണത്തിന് ധനസഹായത്തിൽ ഒരു ഗഡു മാത്രം കൈപ്പറ്റിയിട്ടുണ്ട്. രണ്ടര വർഷമായിട്ടും കൈപ്പറ്റിയ തുകയ്ക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ലൈഫ് ഭവന നിർമാണം പൂർത്തീകരിക്കുവാൻ ബാക്കിയായവരുടെ എണ്ണം 277 പേരുണ്ട്. ആയതിൽ ഭവന നിർമാണത്തിന് ധനസഹായത്തിൽ ഒരു ഗഡു മാത്രം കൈപ്പറ്റിയവരുടെ വിവരങ്ങൾ താഴെ വിവരിക്കുന്നു.

| ക്രമ | പേര് | വാർഡ് | കൈപ്പറ്റിയ |
|---|---|---|---|

| നമ്പർ | | | തുക/തീയതി |
|---|---|---|---|
| 1 | താജുന്നീസ | വാർഡ്-20 | 40,000/-<br>5-09-2019 |
| 2 | ആസിയ | പള്ളികുളം- | 40,000/-<br>5-09-2019 |
| 3 | റെജുമുന്നീസ | വാർഡ്-9 | 40,000/-<br>14-03-2019 |
| 5 | കദീജ- | വാർഡ്-20 | 40,000/-<br>19-12-2019 |

ഗ്രാമ പഞ്ചായത്ത് തലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ട ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരിക്കുമെന്ന് സ.ഉ.( എം എസ്) 34/2018 ത.സ്വ.ഭ.വ തിയതി 16-03-2018 (Para 13) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ സൂചിപ്പിച്ച ആദ്യ ഗഡു കൈപ്പറ്റിയവരിന്മേൽ നിരീക്ഷണവും, തുടർനടപടികളും നടത്തുന്നില്ലായെന്ന് ഫയൽ പരിശോധനയിൽ നിന്നും ബോദ്ധ്യപ്പെട്ടു. ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും, തുടർനടപടികളും ഉണ്ടാകേണ്ടതാണ്. മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 27-22/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

1-35 വീട് പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ-17/20, വീട് പുനരുദ്ധാരണം

അടങ്കൽ- 16,28,000/-

ചെലവ്-30,000/- വികസന ഫണ്ട്- ജനറൽ

ബിൽ നമ്പർ-17/20, തിയതി-30-03-20, പിൻവലിച്ച തുക-30,000/-

